**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3117** — **13.03.2017 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ. ബാബു<br>ശ്രീ. എം. മുകേഷ് | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ വളം, ജൈവ കീടനാശിനികൾ, ജൈവ നിയന്ത്രണ ഏജന്റുകൾ എന്നിവയുടെ ശാസ്ത്രീയ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അവയുടെ ഗുണ മേന്മ ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കൃഷിയിലും വിളകളിലും കീടനാശിനി പ്രയോഗം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എ) യും (ബി) യും സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നല്ല കൃഷി മുറകൾ പാലിച്ചു കൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. വിവിധ പദ്ധതികളിലൂടെ ജൈവകൃഷി വ്യാപനത്തിനായി നല്ല കൃഷി മുറകൾ പാലിച്ചു കൊണ്ടുള്ള ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം മുൻനിർത്തി എല്ലാ ജില്ലകളിലും ക്ലസ്റ്ററുകൾ രൂപീകരിക്കുകയും വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ജൈവകൃഷി യുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പഴം-പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക് പോസ്റ്റുകളിൽ നിന്നുൾപ്പെടെ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള ലാബുകളിലും പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. അമിതമായ കീടനാശിനി പ്രയോഗത്തിനെതിരെ അയൽ സംസ്ഥാനങ്ങളിലെ അടക്കം കർഷകരിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. ജൈവ കീടനാശിനികളുടെ ഉപയോഗം, ജീവാമൃതം, ജൈവവേലി ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ് എന്നിവയ്ക്ക് പ്രോത്സാഹനം നൽകിയിട്ടുണ്ട്. ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ഉൾപ്പെടെ വില്പന നടത്തുന്നതിന് ധന സഹായം നൽകുന്നുണ്ട്. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലങ്ങൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകിവരുന്നു. കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉത്പാദിപ്പിക്കുന്നതിന് ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്

(സി) ഭക്ഷ്യവിളകളിൽ ആരോഗ്യത്തിന് ഹാനികരമായ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി ജില്ലാ തലത്തിൽ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ നടപടികൾ എടുത്തുവരുന്നു

(ഡി) കേരളത്തിന്റെ തനതും തദ്ദേശീയവും പരമ്പരാഗതവുമായ കാർഷികോത്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനായി ഭൗമ സൂചകം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻ പ്രകാരം കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) യും (ഇ) യും ഉണ്ട്. തനത് ഉൽപന്നങ്ങൾക്ക് അന്തർദ്ദേശീയ വിപണി ലഭ്യമാക്കുന്നതിനും മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സാധിക്കും.

**സെക്ഷൻ ഓഫീസർ**